## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2929** | **03-08-2021 - ൽ മറുപടിയ്ക്ക്**

## തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | താത്ക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ നിർമ്മാണത്തിന് നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും 3 കോടി രൂപ അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. തിരുവമ്പാടി KSRTCസബ് ഡിപ്പോയ്ക്ക് വേണ്ടി പഞ്ചായത്ത് ഏറ്റെടുത്ത് ഡെവലപ്പ് ചെയ്ത് നൽകുവാൻ പോകുന്ന സ്ഥലത്താണ് ടി കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത സ്ഥലം KSRTCയുടെ പേരിൽ കൈമാറ്റം ചെയ്ത് ലഭിച്ചിട്ടില്ല. ആയത് KSRTCയുടെ പേരിൽ ലഭിയ്ക്കുന്ന മുറയ്ക്ക് ഡിപ്പോ നിർമ്മാണം ആരംഭിക്കുന്നതാണ്. |
| (ബി) | എങ്കിൽ കാരണം വിശദമാക്കുമോ; | (ബി) | ഉണ്ട്. തിരുവമ്പാടി KSRTCസബ് ഡിപ്പോയ്ക്ക് വേണ്ടി പഞ്ചായത്ത് ഏറ്റെടുത്ത് ഡെവലപ്പ് ചെയ്ത് നൽകുവാൻ പോകുന്ന സ്ഥലത്താണ് ടി കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത സ്ഥലം KSRTCയുടെ പേരിൽ കൈമാറ്റം ചെയ്ത് ലഭിച്ചിട്ടില്ല. ആയത് KSRTCയുടെ പേരിൽ ലഭിയ്ക്കുന്ന മുറയ്ക്ക് ഡിപ്പോ നിർമ്മാണം ആരംഭിക്കുന്നതാണ്. |
| (സി) | ടി പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി തിരുവമ്പാടി ഓപ്പറേറ്റിംഗ് സെന്ററിൽ ബഹു. മുൻ എം.എൽ.എ. ശ്രീ.ജോർജ്ജ് എം. തോമസ് അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 2,78,96,160/- രൂപ ഉപയോഗിച്ച് തിരുവമ്പാടി കെ.എസ്.ആർ. ടി.സി ഡിപ്പോ നിർമ്മാണം എന്ന പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നിർവ്വഹിക്കുന്നതിന് GO (Rt) No. 339/ 2018/ TRANS, തീയതി 26/7/2018നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ടി പ്രവൃത്തി ചെയ്യുന്നതിൽ നിന്നും പിൻമാറിയതിനാൽ ടി പ്രവൃത്തിയുടെ നിർവ്വഹണ ചുമതല കോഴിക്കോട് തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഏൽപ്പിക്കുന്നതിന് എം.എൽ.എ. അറിയിച്ചിരിക്കുന്നതിനാൽ ഇത് സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവമ്പാടി KSRTC സബ് ഡിപ്പോയ്ക്ക് വേണ്ടി പഞ്ചായത്ത് ഏറ്റെടുത്ത് ഡെവലപ്പ് ചെയ്ത് നൽകുവാൻ പോകുന്ന സ്ഥലത്താണ് ടി കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത സ്ഥലം KSRTC-യുടെ പേരിൽ കൈമാറ്റം ചെയ്ത് ലഭിച്ചിട്ടില്ല. സ്ഥലം KSRTC യുടെ പേരിൽ റെജിസ്റ്റർ ചെയ്ത് കിട്ടുന്ന മുറയ്ക്ക് തന്നെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | തടസ്സം ഒഴിവാക്കി പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി തിരുവമ്പാടി ഓപ്പറേറ്റിംഗ് സെന്ററിൽ ബഹു. മുൻ എം.എൽ.എ. ശ്രീ.ജോർജ്ജ് എം. തോമസ് അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 2,78,96,160/- രൂപ ഉപയോഗിച്ച് തിരുവമ്പാടി കെ.എസ്.ആർ. ടി.സി ഡിപ്പോ നിർമ്മാണം എന്ന പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നിർവ്വഹിക്കുന്നതിന് GO (Rt) No. 339/ 2018/ TRANS, തീയതി 26/7/2018നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ടി പ്രവൃത്തി ചെയ്യുന്നതിൽ നിന്നും പിൻമാറിയതിനാൽ ടി പ്രവൃത്തിയുടെ നിർവ്വഹണ ചുമതല കോഴിക്കോട് തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഏൽപ്പിക്കുന്നതിന് എം.എൽ.എ. അറിയിച്ചിരിക്കുന്നതിനാൽ ഇത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവമ്പാടി KSRTC സബ് ഡിപ്പോയ്ക്ക് വേണ്ടി പഞ്ചായത്ത് ഏറ്റെടുത്ത് ഡെവലപ്പ് ചെയ്ത് നൽകുവാൻ പോകുന്ന സ്ഥലത്താണ് ടി കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത സ്ഥലം KSRTC-യുടെ പേരിൽ കൈമാറ്റം ചെയ്ത് ലഭിച്ചിട്ടില്ല. സ്ഥലം KSRTC യുടെ പേരിൽ റെജിസ്റ്റർ ചെയ്ത് കിട്ടുന്ന മുറയ്ക്ക് തന്നെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ